# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 173 10.06.2013-ൽ മറുപടി

### സംസ്ഥാനത്ത് നക്സൽ/മാവോയിസ്റ്റ് സാന്നിദ്ധ്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുഹമ്മദുണ്ണിഹാജി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് നക്സൽ/മാവോയിസ്റ്റ് തീവ്രവാദി കളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; | (എ) ആയുധധാരികളായ മാവോയിസ്റ്റുകളെ കണ്ണൂർ, മലപ്പുറം, വയനാട് ജില്ലകളിലെ വനാതിർത്തി പ്രദേശങ്ങളിൽ സ്ഥലവാസികൾ കണ്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) കേരളത്തിന്റെ വനാതിർത്തികളിൽ മാവോയിസ്റ്റുകൾ താവളം ഉണ്ടാക്കിയിട്ടുണ്ടോ എന്ന് പരിശോധി ക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. |
| സി) വനാന്തരങ്ങളോട് ചേർന്ന് പ്രത്യേകം നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (സി) വനങ്ങളിലും വനാന്തരങ്ങളോട് ചേർന്നും പ്രത്യേകം നിരിക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| ഡി) കേരളത്തിലേക്ക് മയക്കമരുന്ന് എത്തിക്കുന്ന ലോബിക്ക് ഇത്തരം തീവ്രവാദികളുമായി ബന്ധമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (ഡി) ഇതു സംബന്ധിച്ചുള്ള അന്വേഷണത്തിൽ ഇക്കാര്യവും പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ